# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2191 09/03/2018-ൽ മറുപടിയ്ക്ക്**

**<u>വിശപ്പ് രഹിത ആദിവാസി ഊരുകൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ദാസൻ : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | വിശപ്പ് രഹിത ആദിവാസി ഊരുകൾ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി നിലവിലുള്ള പരിപാടികൾ വിശദമാക്കാമോ; | (എ) | വിശപ്പ് രഹിത ആദിവാസി ഊരുകൾ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി ഭൂരിപക്ഷം പട്ടികവർഗ്ഗക്കാർക്കും ബി.പി.എൽ കാർഡ് ലഭ്യമാക്കിയിട്ടുണ്ട്. ഇതുമൂലം ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നു. പ്രതികൂല സാഹചര്യങ്ങളിൽ ഭക്ഷ്യ ദൗർലഭ്യം ഉണ്ടാകാതിരിക്കാൻ മൺസൂൺകാലത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി ഭക്ഷ്യ സഹായ പദ്ധതിയിലൂടെ ജൂൺ മുതൽ സെപ്തംബർ വരെയുള്ള മാസങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നു. ഇതിനുപുറമെ ഓണക്കാലത്ത് ഭക്ഷ്യധാന്യങ്ങളടങ്ങിയ ഓണകിറ്റ് വിതരണം ചെയ്യുന്നു. പോഷകാഹാരകുറവ് അനുഭവപ്പെടുന്ന മേഖലകളിലും കിടപ്പു രോഗികൾക്കും പോഷകാഹാര കിറ്റുകൾ വിതരണം നടത്തുന്നുണ്ട്. |
| (ബി) | അട്ടപ്പാടി ആദിവാസി ഊരുകളിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ പരിപാടിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (ബി) | അട്ടപ്പാടി മേഖലയിലുണ്ടായ നവജാത ശിശു മരണങ്ങളുടെ പശ്ചാത്തലത്തിൽ അട്ടപ്പാടിയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിയ പദ്ധതിയാണ് സമൂഹ അടുക്കള. പോഷകാഹാര കുറവ് പരിഹരിക്കുന്നതിനോടൊപ്പം കൂട്ടായ്മ സൃഷ്ടിക്കാനും ഇതിലൂടെ സാധ്യമാകുന്നു. 2014-15 വർഷം മുതൽ കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കി വരുന്നു. സമൂഹ അടുക്കളയ്ക്ക് ആവശ്യമായ ഫണ്ട് പട്ടികവർഗ്ഗ വികസന വകുപ്പും സാമൂഹ്യ നീതിവകുപ്പും സംയുക്തമായാണ് നൽകുന്നത്. 2016-17 സാമ്പത്തിക വർഷം 7.99 കോടി രൂപ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയ്ക്കായി ചെലവഴിച്ചു. 2017-18 സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായി 11,07,77,700/-രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതിയിലൂടെ ഓരോ ഊരിലും എത്ര ആദിവാസികൾക്ക് എത്രനേരം ഭക്ഷണം ലഭ്യമാക്കുന്നുവെന്നും 2016-17, 2017-18 വർഷങ്ങളിൽ ഇതിനായി എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ; ഇത് മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുമോ; | (സി) | പ്രസ്തുത പദ്ധതി വഴി 172 ഊരുകളിലായി 15302 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചു വരുന്നു. നിലവിൽ 193 കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. ഒരാൾക്ക് ഒരു നേരം മുപ്പത് രൂപ എന്ന നിരക്കിൽ (130 ഗ്രാം ധാന്യം, 80 ഗ്രാം പയറുവർഗ്ഗങ്ങൾ, 5 ഗ്രാം എണ്ണ, 5 ഗ്രാം പലവ്യഞ്ജനങ്ങൾ, പച്ചക്കറികൾ, ഇലക്കറികൾ എന്നിവ ഉൾപ്പെടുത്തി) ഭക്ഷണം വിതരണം ചെയ്യുന്നു. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കിടപ്പുരോഗികൾ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, കൗമാര പ്രായക്കാർ, വയോജനങ്ങൾ, വിധവകൾ, 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾ എന്നിവരാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ. 2016-17 സാമ്പത്തിക വർഷം 7.99 കോടി രൂപ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയ്ക്കായി ചെലവഴിച്ചു. 2017-18 സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായി 11,07,77,700/- രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ടി പദ്ധതി മറ്റ് ജില്ലകളിൽ വ്യാപിപ്പിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല. |
| (ഡി) | ഈ പദ്ധതിയുടെ നടത്തിപ്പിൽ ആദിവാസികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ നടത്തിയ ക്രമീകരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ഡി) | പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തം കൂടി ഉറപ്പു വരുത്തിയാണ് കമ്മ്യൂണിറ്റി കിച്ചൻ എന്ന പദ്ധതി നടപ്പിലാക്കി വരുന്നത്. ഊരു സമിതിയുടെ നേതൃത്വത്തിൽ ആണ് സമൂഹ അടുക്കളകൾ പ്രവർത്തിക്കുന്നത്. ഊരു സമിതിയുടെ കീഴിലുള്ള കുടുംബശ്രീകൾ ഓരോരുത്തരും ഓരോ മാസവും മാറി മാറി നടത്തിപ്പ് ചുമതല വഹിക്കുന്നു. പച്ചക്കറികൾ ഊരിൽ കൃഷി ചെയ്യുന്നതോ ആയതു ലഭ്യമാകാത്ത സമയങ്ങളിൽ തൊട്ടടുത്തുള്ള കടകളിൽ നിന്നും വാങ്ങുന്നു. കൂടാതെ വിറക് കുടുംബശ്രീ അംഗങ്ങൾ ശേഖരിച്ചു കൊണ്ടു വരികയും ചെയ്യുന്നു. ഇതിനാവശ്യമായ തുക പച്ചക്കറിക്ക് 3 രൂപയും, വിറകിനു 2 രൂപയും ഭക്ഷണം പാകം ചെയ്തു നൽകുന്നതിന് 3 രൂപ വീതവും ഒരാൾക്ക് എന്ന നിലയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കു നൽകുന്നതാണ്. ഇതിനാവശ്യമായ അരിയും ചെറു ധാന്യങ്ങളും കറിക്കൂട്ടുകളും അയൽക്കൂട്ടം സപ്ലൈകോയിൽ നിന്നും ഇന്റെൻഡ് നൽകി വാങ്ങുന്നു. |

സെക്ഷൻ ഓഫീസർ